'ഭരണഭാഷ- മാതൃഭാഷ'

## കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മരട് നഗരസഭയിൽ സൂപ്രണ്ടിനെയും ക്ലർക്കുമാരെയും വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

G.O.(Rt)No.2205/2019/LSGD തീയതി,തിരുവനന്തപുരം, 05/10/2019

---

പരാമർശം:- 1 മരട് നഗരസഭ സെക്രട്ടറി സർക്കാരിൽ സമർപ്പിച്ച 03.10.2019 തീയതിയിലെ ഇ5-2415/2016നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മരട് നഗരസഭയിലെ അനധികൃതനിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ടി നഗരസഭയിലെ ക്ലറിക്കൽ ജോലികൾക്കും മേൽ നോട്ടച്ചുമതലകൾക്കുമായി നിലവിലുള്ള ജീവനക്കാരുടെ അംഗബലം അപര്യാപ്തമായതിനാൽ പ്രസ്തുത ജോലികൾക്കായി 2 സൂപ്രണ്ട്മാരെയും 8 ക്ലർക്കുമാരെയും മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്ന് 1 2 0 ദിവസത്തേക്ക് അല്ലെങ്കിൽ പ്രവൃത്തികൾ അവസാനിക്കുന്നതുവരെ, അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കണമെന്ന് പരാമർശ കത്ത് പ്രകാരം നഗരസഭാസെക്രട്ടറി അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ സുപ്രീംകോടതി വിധി സമയബന്ധിതമായി നടപ്പാക്കുന്നതിലേക്കായി മരട് നഗരസഭയിലെ അനധികൃതനിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ അടിയന്തരമായി പൂർത്തിയാക്കേണ്ട ജോലികൾക്കായി ചുവടെ ചേർക്കുന്ന ജീവനക്കാരെ 120 ദിവസത്തേയ്ക്കോ /പ്രവൃത്തികൾ അവസാനിക്കുന്നതുവരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മരട് നഗരസഭയിലേക്ക് നിയമിക്കുന്നതിന് നഗരകാര്യഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു

1. ശ്രീ. ഹാരിഷൻ.കെ.എം, എൽ.ഡി.ക്ലാർക്ക്, തൃപ്പൂണിത്തുറ നഗരസഭ

2. ശ്രീ. എം.എൻ. രാമൻ, യു.ഡി.ക്ലാർക്ക്, ആലുവ നഗരസഭ

3. ശ്രീ. റാഫി പി ആർ, യു.ഡി.ക്ലാർക്ക്, കൊച്ചി കോർപ്പറേഷൻ

4.ശ്രീ. വി.സി അശോകൻ, സീനിയർ ക്ലാർക്ക്, കളമശ്ശേരി നഗരസഭ

5. ശ്രീ. വിനു ജോസഫ്, സൂപ്രണ്ട്, കൊച്ചി കോർപ്പറേഷൻ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REMANI MATHEW
ADDITIONAL SECRETARY

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം.

നഗരസഭാ സെക്രട്ടറി, മരട് നഗരസഭ

നഗരസഭാ സെക്രട്ടറി ,കൊച്ചി ,ആലുവ /കളമശ്ശേരി/ നഗരസഭ,/ തൃപ്പൂണിത്തുറ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ